Kerala Catholic Bishops' Council (KCBC)
Secretariat, Pastoral Orientation Centre, P.B.No.2251, Palarivattom, Kochi-682025, Kerala, India
Tel: +91-484-2805722, 2805815, Fax: +91-484-2806214
E-mail : deputysecretarykcbc@gmail.com, www.kcbcsite.com

All Kerala Press Release 17.2.2019
*Ref: 651/KCBC/K-6/KPR/DS*

## കൊലപാതകരാഷട്രീയത്തിന് അറുതിവേണം:
## കെസിബിസി ഐക്യജാഗ്രതാസമിതി

കൊച്ചി: കേരളത്തിൽ അരങ്ങേറുന്ന രാഷ്ട്രീയ കൊലപാതകങ്ങൾക്കെതിരേ അടിയന്തര നടപടിയുണ്ടാകണം. രാഷ്ട്രീയ കുടിപ്പകയും കൊലപാതകങ്ങളും നാടിന്റെ സമാധാനം കെടുത്തുന്നു. രാഷ്ട്രീയ പാർട്ടികൾ മത്സരബുദ്ധിയോടെ കൊലപാതക പരമ്പരകൾ ആസൂത്രണം ചെയ്യുന്നതിൽ സമാധാനകാംക്ഷികളായ സാധാരണ ജനങ്ങൾ അത്യധികം ഉത്കണ്ഠാകുലരാണ്. ഹർത്താലുകൾ പ്രഖ്യാപിക്കുമ്പോൾ പുലർത്തേണ്ട മാനദണ്ഡങ്ങളെ സംബന്ധിച്ച് ഹൈക്കോടതി പുറപ്പെടുവിച്ച നിർദേശങ്ങൾ രാഷ്ട്രീയപാർട്ടികൾ ഗൗരവമായിക്കാണുന്നില്ല എന്നതിന്റെ തെളിവാണ് രാഷ്ട്രീയ കൊലപാതകത്തെത്തുടർന്ന് യൂത്തുകോൺഗ്രസ് പ്രഖ്യാപിച്ചിരിക്കുന്ന ഹർത്താൽ. രാഷ്ട്രീയപ്പാർട്ടികൾ അധികാരത്തിനുവേണ്ടി നടത്തുന്ന ആക്രമണങ്ങളും കൊലപാതകങ്ങളും ഹർത്താലുകളും സമൂഹത്തെ പിന്നോട്ടടിക്കും. രാഷ്ട്രീയനേതാക്കളും ഭരണാധികാരികളും ഇത്തരം അപകടകരമായ പ്രവണതകൾ നിയന്ത്രിക്കാനുള്ള നടപടികൾ ഉടനടി സ്വീകരിക്കണം. ജനങ്ങൾ ആഗ്രഹിക്കുന്നത് സമാധാനമാണ്. രാഷ്ട്രീയം സങ്കുചിതതാത്പര്യങ്ങളിൽ നിന്നും അക്രമപ്രവണതകളിൽ നിന്നും പിന്മാറി ജനങ്ങളുടെയും സംസ്ഥാനത്തിന്റെയും നന്മയും ഉന്നതിയും ലക്ഷ്യംവയ്ക്കുന്നതാകണമെന്നും കെസിബിസി ഡെപ്യൂട്ടി സെക്രട്ടറി ജനറൽ ഫാ. വർഗീസ് വള്ളിക്കാട്ടിന്റെ അദ്ധ്യക്ഷതയിൽ പി.ഒ.സി.യിൽ കൂടിയ ഐക്യജാഗ്രതാകമ്മീഷന്റെ യോഗം ആവശ്യപ്പെട്ടു.

**ഫാ. വർഗീസ് വള്ളിക്കാട്ട്**
ഡെപ്യൂട്ടി സെക്രട്ടറി ജനറൽ,
ഔദ്യോഗിക വക്താവ്, കെ.സി.ബി.സി.
ഡയറക്ടർ, പി.ഒ.സി.

**ഫാ. സാജു സി.എസ്.റ്റി**
സെക്രട്ടറി
കെസിബിസി ഐക്യജാഗ്രതാകമ്മീഷൻ